# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 182      16.08.2017 ലെ മറുപടിക്ക്

## കയർ മേഖലയുടെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അടൂർ പ്രകാശ് | ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് കയർ സംഘങ്ങളുടെ ആധുനികവൽക്കരണം സംബന്ധിച്ച് ഏതെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) നാഷണൽ കോ - ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് കയർ സംഘങ്ങളുടെ ആധുനികവൽക്കരണം സംബന്ധിച്ച് 200 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) കയർ മേഖലയെ പുനഃസംഘടിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | ബി) കയർ മേഖലയുടെ പുനഃസംഘടനയ്ക്കായി രണ്ടാം കയർ പുനസംഘടനാ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| സി) കയർ മേഖലയെ ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലേക്ക് മാറ്റുന്ന നടപടി ഏത് ഘട്ടത്തിലാണ്; | സി) രണ്ടാം കയർ പുന:സംഘടനാ സ്കീമിന്റെ ഒരു മുഖ്യഇനം ഉൽപ്പന്നങ്ങളുടെ വൈവിധ്യ വൽക്കരണമാണ്. കയർ കോമ്പോസിറ്റുകളും കയർ നീഡിൽ ഫെൽട്ടുകളും ഏറ്റവും ആധുനിക ടഫ്റ്റിംഗ് രീതികളുമാണ് ഇവയിൽ മുഖ്യം. പൊതുമേഖലയിൽ കയർ കോംപോസിറ്റുകളുടെ ഫാക്ടറി നിർമ്മാണം അവസാനഘട്ടത്തിലാണ്. ഈ വർഷം മുതൽ ഈ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ആലപ്പുഴയിലെ കയർ മാനുഫാക്ചറിംഗ് സഹകരണ സംഘങ്ങളെ നവീകരിക്കുന്ന പരിപാടി നടപ്പാക്കി തുടങ്ങും. |
| ഡി) ഇക്കഴിഞ്ഞ ഓണക്കാലത്ത് കയറുൽപ്പന്നങ്ങളുടെ റിബേറ്റ് വിൽപ്പനയിലൂടെ എത്ര രൂപയുടെ വിൽപ്പന നടന്നുവെന്ന് അറിയിക്കുമോ? | ഡി) കഴിഞ്ഞ ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾക്ക് കയർഫെഡ്, ഫോമിൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രത്യേക റിബേറ്റുകൾ ഒന്നും തന്നെ ഏർപ്പെടുത്തിയിരുന്നില്ല. കയർ കോർപ്പറേഷൻ കഴിഞ്ഞ ഓണക്കാലത്ത് 75 ലക്ഷം രൂപയുടെ റിബേറ്റ് വിൽപ്പന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ